# FATIMA MATA NATIONAL COLLEGE

**AUTONOMOUS**

(Reaccredited with 'A' Grade by NAAC)
Affiliated to University of Kerala





# 5.3.3 BJMP Report 2015-16

**IQAC** INTERNAL QUALITY ASSURANCE CELL

## ബിഷപ്പ് ജെറോം സ്മാരക പ്രബന്ധാവതരണം






ബിഷപ്പ് ജെറോം മെമ്മോറിയൽ സൗത്ത് ഇന്റർ കോളജ് പ്രബന്ധാവതരണ മത്സരം എല്ലാവർഷവും പി.റ്റി.എയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കാറുള്ളതാണ്. ഈ വർഷം "അബ്ദുൾ കലാമിന്റെ സ്പനങ്ങളും യഥാർത്ഥ്യങ്ങളിലെ ഇന്ത്യയും" എന്ന വിഷയത്തിൽ 2015 ഡിസംബർ മാസം 2-ാം തീയതി മത്സരം സംഘടിപ്പിക്കപ്പെട്ടു. കലാലയ സ്ഥാപകനായ അഭിവന്ദ്യ ജെറോം തിരുമേനിയുടെ പാവനസ്മരണയോടെ ആദരവ് പ്രകടിപ്പിക്കുകുയം അദ്ദേഹം വിഭാവനചെയ്ത ലക്ഷ്യങ്ങളിലേയ്ക്ക് വിദ്യാർത്ഥി സമൂഹത്തെ കൊണ്ടെത്തിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് പി.റ്റി.എ. പ്രബന്ധാവതരണ മത്സരത്തെ കാണുന്നത്.

പ്രബന്ധവിഷയത്തിൽ വിവിധ സർവ്വകലാശാലകളിലെ കോളജുകളിൽ നിന്നായി ലഭിച്ച 28 പ്രബന്ധങ്ങളിൽ നിന്നു വിദഗ്ധ സമിതി തെരഞ്ഞെടുത്ത14 പ്രബന്ധങ്ങൾ മത്സരത്തിൽ അവതരിപ്പിച്ചു. ബിഷപ്പ് ജെറോം മെമ്മോറിയൽ എവർ റോളിംഗ് ട്രോഫിക്ക് പുറമേ, ഒന്നും രണ്ടും മൂന്നും സ്ഥാനക്കാർക്ക് യഥാക്രമം 7500, 5000, 3000 രൂപയുടെ ക്യാഷ് അവാർഡും ട്രോഫിയും സമ്മാനമായി നൽകുകയുണ്ടായി. 2015 ഡിസംബർമാസം 2-ാം തീയതി കോളജ് ആഡിറ്റോറിയത്തിൽ വെച്ച് നടന്ന






ഉദ്ഘാടനസമ്മേളനം ഐ.എസ്.ആർ.ഒ. മുൻ ചെയർമാൻ ഡോ. വി. മാധവൻ നായർ ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ കൊല്ലം ബിഷപ്പ് റൈറ്റ്. റവ. ഡോ. സ്റ്റാൻലി റോമൻ അനുഗ്രഹ പ്രഭാഷണം നടത്തി. കോളജ് മാനേജർ റവ. ഫാ. അനിൽജോസ്, പ്രിൻസിപ്പാൾ, പി.റ്റി.എ. വൈസ് പ്രസിഡന്റ് എന്നിവർ ആശംസകൾ അർപ്പിച്ചു.

തുടർന്നു നടന്ന മത്സരത്തിൽ കൊല്ലം എസ്.എൻ. കോളേജിലെ ആൻ മേരി അലക്സാണ്ടർ ഒന്നാം സ്ഥാനം നേടി. രണ്ടും മൂന്നും സ്ഥാനങ്ങൾ ഫാത്തിമാ കോളേജിലെ ബാലു എൻ. സതീഷും, ഷാരോൺ ജോസഫും കര സ്ഥമാക്കി. പങ്കെടുത്ത എല്ലാവർക്കും സർട്ടിഫിക്കറ്റുകളും മെഡലുകളും നൽകുകയുണ്ടായി.

## ഇൻഡക്ഷൻ ഡേ






ഒന്നാം വർഷ ബിരുദ വിദ്യാർത്ഥികൾക്ക് ദിശാബോധം നൽകുന്നതിനും പഠനവിഷയത്തിലേയ്ക്ക് കൊണ്ടത്തിക്കുന്നതിനുമായി ഇൻഡക്ഷൻ ഡേ എന്ന പരിപാടി പി.റ്റി.എ. സംഘടിപ്പിച്ചു. 10-07-15-ൽ കോളജ് ആഡിറ്റോറിയത്തിൽ വെച്ച് നടന്നു. വിദ്യാർത്ഥികൾക്ക് ഏറെ ഉപകാര പ്രദമായിട്ടുണ്ടാകും ഈ പരിപാടിയെന്നു പി.റ്റി.എ. വിശ്വസിക്കുന്നു.

## കരിയർ ഗൈഡൻസ്

പി.റ്റി.എയുടെ പ്രത്യേക താൽപര്യ പ്രകാരം കോളജിലെ എല്ലാ വിദ്യാർത്ഥികൾക്കായി ഒരു ഏകദനകരിയർ ഗൈഡൻസ് സെമിനാർ സംഘടിപ്പിക്കുകയുണ്ടായി.

കോളജ് ആഡിറ്റോറിയത്തിൽ വെച്ച് നടന്ന സെമിനാർ പ്രിൻസിപ്പാൾ ഉദ്ഘാടനം ചെയ്തു. തുടർന്നു അഡ്വ. ജയസൂര്യൻ സെമിനാർ ക്ലാസെടുത്തു.